## പതിമൂന്നാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1951 | 17.03.2015-ൽ മറുപടിക്ക്.

### അനധികൃതമായി തോക്ക് കൈവശം വയ്ക്കുന്നവർക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ.അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) വ്യക്തികൾ തോക്ക് കൈവശം വയ്ക്കുന്നതിന് പാലിക്കേണ്ട നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; | : (എ) വ്യക്തികൾ തോക്ക് കൈവശം വയ്ക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിയ്ക്കേണ്ടതാണ്.<br>1. ക്രിമിനൽ കുറ്റങ്ങളിൽ ഉൾപ്പെടുവാൻ പാടില്ല<br>2. സാമൂഹ്യവിരുദ്ധ/ദേശവിരുദ്ധ പ്രവർത്തനങ്ങളിൽ ഉൾപ്പെടരുത്<br>3. മാനസിക ദൗർബല്യമുള്ളവർ ആയിരിയ്ക്കരുത്<br>4. ശാരീരിക തടസ്സമുള്ളവർ ആയിരിയ്ക്കരുത്<br>5. ആയുധ നിയമം സെക്ഷൻ (3) പ്രകാരം ആയുധ ലൈസൻസ് കരസ്ഥമാക്കേണ്ടതാണ്.<br>ആയുധ ചട്ടങ്ങളിലെ ഷെഡ്യൂൾ III പ്രകാരമുള്ള ഏത് ഫോം നമ്പർ ലൈസൻസാണോ വ്യക്തി കരസ്ഥമാക്കിയിട്ടുള്ളത് മേൽ ഫോം നമ്പറിൻമേൽ ആയുധ ചട്ടങ്ങൾ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ മുഴുവൻ കർശനമായി പാലിക്കുന്നതിന് ലൈസൻസി ബാധ്യസ്ഥനാണ്. കൂടാതെ നിലവിലുള്ള ആയുധ നിയമം, ചട്ടങ്ങൾ എന്നിവയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങളും ഓരോ സംസ്ഥാനങ്ങളിലും പ്രദേശങ്ങളിലും ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും പാലിക്കാൻ ആയുധ ലൈസൻസി ബാധ്യസ്ഥനാണ്. |
| (ബി) അനധികൃതമായി തോക്ക് കൈവശം വയ്ക്കുന്നവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ സംവിധാനമുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ? | : (ബി) അനധികൃതമായി ആയുധം കൈവശം വച്ചാൽ ഇന്ത്യൻ ശിക്ഷാനിയമത്തിലും ആയുധ നിയമത്തിലും ചട്ടങ്ങളിലും അനുശാസിക്കുന്ന നിയമപരമായ നടപടി സ്വീകരിക്കുന്നതാണ്. |

Vbeena

സെക്ഷൻ ഓഫീസർ